# first bell-02

## സാമൂഹ്യ ശാസ്ത്രം–I

## CHAPTER-3 CLASS

അധ്യായം

03



# പൊതുഭരണം

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## ഗവൺമെന്റ് സ്ഥാപനങ്ങളും ചുമതലകളും

– പ്രാഥമിക ആരോഗ്യ കേന്ദ്രം – ചികിത്സാ സൗകര്യം ഒരുക്കുന്നു.

–കൃഷിഭവൻ – കൃഷി പ്രോത്സാഹിപ്പിക്കുന്നു.

–പോലിസ് സ്റ്റേഷൻ – ക്രമസമാധാനം പരിപാലിക്കുന്നു.

ഗവൺമെന്റ് സ്ഥാപനങ്ങളുടെ ലക്ഷ്യം?

ഗവൺമെന്റ് രൂപം നൽകുന്ന നിയമങ്ങളും വികസന പദ്ധതികളും നടപ്പിലാക്കുന്നു.

## പൊതുഭരണം എൻ.ഗ്ലാഡൻ ന്റെ നിർവ്വചനം-

പൊതുഭരണമെന്നാൽ ഗവൺമെന്റ്
ഭരണത്തെ സംബന്ധിക്കുന്നതാണ്.


ദാരിദ്ര്യരേഖയ്ക്ക്
താഴെയുള്ളവർക്ക്
സൗജന്യറേഷൻ
സ്കൂൾകുട്ടികൾക്ക്
സൗജന്യപാഠപുസ്തകം
2020 ഓടെ
എല്ലാവർക്കും പാർപ്പിടം

## പൊതുഭരണമെന്നാൽ എന്ത്?

-രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നത്തിനെ പൊതുഭരണം എന്നു പറയുന്നു.

-ഗവൺമെന്റ് സ്ഥാപനങ്ങളെല്ലാം പൊതുഭരണ സംവിധാനത്തിന്റെ ഭാഗമാണ്.


- ജനക്ഷേമം മുൻനിർത്തിയാണ് അവ പ്രവർത്തിക്കുന്നത്.
- ഭരണ രീതിക്കനുസരിച്ച് പൊതുഭരണം വ്യത്യാസപ്പെടും.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## രാജഭരണം, ജനാധിപത്യം തുടങ്ങിയ ഭരണരീതികളിൽ പൊതുഭരണ സംവിധാനത്തിന്റെ ലക്ഷ്യങ്ങളും അവയിൽ വന്ന മാറ്റങ്ങളും?

- രാജഭരണത്തിൽ രാജാവിന്റെ താൽപര്യങ്ങളായിരുന്നു പൊതുഭരണത്തിന്റെ അടിസ്ഥാനം.
- ജനാധിപത്യ ഭരണത്തിൽ ജനങ്ങളുടെ താൽപര്യങ്ങൾക്കാണ് പ്രാധാന്യം.
- ജനാധിപത്യ ഭരണം കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമായത് പൊതുഭരണ സംവിധാനത്തിലൂടെ യാണ്.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22


ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
പൊതുഭരണത്തിന്റെ പ്രാധാന്യം
ജനക്ഷേമം ഉറപ്പാക്കുന്നു.
ജനകീയപ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു.



സ്കോളർഷിപ്പുകൾക്ക്
അപേക്ഷ ക്ഷണിച്ചു
നെൽകൃഷി വ്യാപിപ്പിക്കാൻ
സർക്കാർ സഹായം
വെള്ളപ്പൊക്ക ദുരിതാശ്വാസ
ഫണ്ട് വിതരണം ചെയ്തു
നികുതി പിരിവിന്
പ്രാദേശിക ക്യാമ്പുകൾ

# പൊതുഭരണത്തിന്റെ പ്രാധാന്യം എന്തെല്ലാം?

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.

- ജനക്ഷേമം ഉറപ്പാക്കുന്നു.
- ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22


നിങ്ങൾ എന്തെങ്കിലും നടപ്പാക്കുന്നതിനുമുമ്പ്,
നിങ്ങൾ കണ്ട പാവപ്പെട്ടവനും നിസ്സഹായനുമായ ഒരുവന്റെ മുഖം
ഓർക്കുക. ഞാനിപ്പോൾ ചെയ്യാൻ പോകുന്നത്
ആ പാവപ്പെട്ടവന് എങ്ങനെ
സഹായകമാകുമെന്ന് സ്വയം ചോദിക്കുക.
മഹാത്മാഗാന്ധി

## ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഭരണത്തിന്റെ ഗുണം ആർക്കൊക്കെയാണ് ലഭിക്കേണ്ടത്?

- എല്ലാവരുടെയും താല്പര്യങ്ങൾ സംരക്ഷിക്കണം.
- എന്നാൽ കൂടുതൽ പരിഗണനയും പരിരക്ഷയും വേണ്ടവരെ പ്രത്യേകമായി പരിഗണിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.
- ഗാന്ധിജിയുടെ ടെ ഗ്രാമസ്വരാജ് എന്ന ആശയം ഇന്ത്യയിലെ പൊതു ഭരണ കാഴ്ചപ്പാടിനെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.
- ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് രൂപം നൽകിയത്.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## ഉദ്യോഗസ്ഥ വൃന്ദം

- രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിന്നു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഉദ്യോഗസ്ഥരെ ഉദ്യോഗസ്ഥവൃന്ദം എന്നു പറയുന്നു.

### ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ലക്ഷ്യങ്ങൾ

- പൊതുഭരണ സംവിധാനത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ ചെയ്യുക.
- പൊതുഭരണ ശൃംഖലയെ ചലനാത്മകമാക്കുക.
- ഗവൺമെൻറിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലെത്തിക്കുക.
- രാജ്യത്തിന്റെ ഭൗതിക വിഭവങ്ങളും മാനുഷിക ശേഷിയും ശാസ്ത്രീയമായി വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ തയാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

## ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ.

- ശ്രേണീപരമായ സംഘാടനം.
- സ്ഥിരത.
- യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം.
- രാഷ്ട്രീയ നിഷ്പക്ഷത.
- വൈദഗ്ധ്യം.

## ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ

### ശ്രേണീപരമായ സംഘാടനം (Hierarchical Organisation)

ഏറ്റവും ഉയർന്ന തലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്കു വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി. ഇത് ശ്രേണീപരമായ സംഘാടനം എന്നാണറിയപ്പെടുന്നത്.

### സ്ഥിരത (Permanence)

ഉദ്യോഗസ്ഥനായി നിയമിക്കപ്പെടുന്നവർക്ക് നിശ്ചിത പ്രായംവരെ സേവനകാലാവധി ഉണ്ടായിരിക്കും.

### യോഗ്യത അടിസ്ഥാനമാക്കി നിയമനം (Appointment on the basis of Qualification)

വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയാണ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുകയും നിയമിക്കുകയും ചെയ്യുന്നത്.

### രാഷ്ട്രീയ നിഷ്പക്ഷത (Political Neutrality)

ഏതു രാഷ്ട്രീയകക്ഷി അധികാരത്തിൽ വന്നാലും നയങ്ങൾ നടപ്പാക്കാൻ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. കക്ഷിരാഷ്ട്രീയ താൽപ്പര്യങ്ങൾ അവരുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കാൻ പാടില്ല. അതായത് അവർ നിഷ്പക്ഷമായി പ്രവർത്തിക്കണം.

### വൈദഗ്ധ്യം (Professionalism)

ഓരോ ഗവൺമെന്റ് ഉദ്യോഗസ്ഥനും തങ്ങൾ നിർവഹിക്കേണ്ടുന്ന തൊഴിലിൽ വൈദഗ്ധ്യമുള്ളവരായിരിക്കും.

# ഇന്ത്യൻ സിവിൽ സർവീസ്

- കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ ഉദ്യോഗസ്ഥരും, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ചേർന്നതാണ് ഇന്ത്യൻ സിവിൽ സർവീസ്.

-ഇന്ത്യൻ സിവിൽ സർവീസിനെ മൂന്നായി തിരിക്കാം

1. അഖിലേന്ത്യാ സർവീസ്
2. കേന്ദ്ര സർവീസ്
3. സംസ്ഥാന സർവീസ്

## അഖിലേന്ത്യാ സർവീസ്

- ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു.

ഉദാ: - ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)
- ഇന്ത്യൻ പോലീസ് സർവീസ് (IPS)

## കേന്ദ്ര സർവീസ്

–ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.

–കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണ വകുപ്പുകളിൽ നിയമിക്കപെടുന്നു.

ഉദാ:

– ഇന്ത്യൻ ഫോറിസ് സർവീസ്,

– ഇന്ത്യൻ റെയിൽവേ സർവീസ്.

BIJU KK,  HST GHSS TUVVUR, MALAPPURAM.2021-22

## സംസ്ഥാന സർവീസ്

-സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്നു.
-സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന
 വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാ: - സെയിൽസ് ടാക്സ് ഓഫീസർ

# യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ (യു.പി.എസ്.സി)

-കേന്ദ്ര സർവീസിലേക്കും അഖിലേന്ത്യാ സർവീസിലേക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ആണ് .

-കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

-യോഗ്യതയുടെ അടിസ്ഥാനത്തിൽ ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കാൻ വിപുലമായ സംവിധാനങ്ങൾ യു.പീ. എസ്.സി ഒരുക്കുന്നു.

-ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്നതിനാൽ ഇതിനെ ഭരണഘടനാ സ്ഥാപനം എന്നു വിളിക്കുന്നു.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷൻ

-സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് അതതു സംസ്ഥാനങ്ങളിലെ സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകൾ ആണ്.

-കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് ഗവർണറാണ്.

-ഭരണഘടനാ നിയമത്തെ അടിസ്ഥാനമാക്കി നിലവിൽ വന്നതിനാൽ ഇതിനെയും ഭരണഘടനാ സ്ഥാപനം എന്നു വിളിക്കുന്നു.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## ഭരണ നവീകരണം

–ഭരണനിർവഹണത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാനും സേവനങ്ങൾ സമയബന്ധിതമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെൻറുകൾ സ്വീകരിട്ടുള്ള നടപടികളാണ് ഭരണ നവീകരണം.

–ഭരണ നവീകരണത്തിന്റെ ലക്ഷ്യം ഭരണം കാര്യക്ഷമവും ജനസൗഹൃദവുമാക്കുകയാണ്.

–ഇതിനായി ദേശീയ തലത്തിലും സംസ്ഥാന തലത്തിലും ഭരണപരിഷ്കാര കമ്മീഷനുകൾ രൂപീകരിക്കാറുണ്ട്.

ഭരണ നവീകരണ പരിപാടികൾക്ക് ഉദാഹരണങ്ങൾ

- ഇ-ഗവേണൻസ്.
- അറിയാനുള്ള അവകാശം.
- സേവനാവകാശ നിയമം.
- ലോക്പാലും ലോകായുക്തയും.
- വിജിലൻസ് കമ്മീഷനുകൾ.

BIJU KK,  HST GHSS TUVVUR, MALAPPURAM.2021-22

## ഇ-ഗവേണൻസ്

-ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഭരണ രംഗത്ത് ഉപയോഗപ്പെടുത്തുന്നതാണ് ഇ-ഗവേണൻസ്.

ഉദാഹരണം:

- ഹയർ സെക്കണ്ടറി പ്രവേശനത്തിനുള്ള ഏകജാലക അപേക്ഷ.

- വിവിധ സ്കോളർഷിപ്പുകൾക്കായുള്ള ഓൺലൈൻ അപേക്ഷ.

## ഇ-ഗവേണൻസ് കൊണ്ടുള്ള നേട്ടങ്ങൾ.

- ഗവൺമെന്റ് സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും, കുറഞ്ഞ ചെലവിലും ലഭ്യമാക്കുന്നതിന് സഹായകമായി.
- വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.
- സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ട.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിച്ചു.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## അറിയാനുള്ള അവകാശം

- ഏതൊരു സർക്കാർ സ്ഥാപനത്തിൽനിന്നും അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭിക്കുന്നതിനുള്ള അവകാശമാണ് ഇത്.
- ഈ അവകാശം ലഭ്യമായത് 2005 ലെ വിവരാവകാശ നിയമത്തിലൂടെയാണ്.
- രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമനിർമ്മാണത്തിലേക്ക് നയിച്ചത്.
- ഇത് രാജ്യത്തെ പൗരന്മാർക്കെല്ലാം വിവരങ്ങൾ അറിയാനുള്ള അവകാശം ഉറപ്പുവരുത്തുന്നു.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## അറിയാനുള്ള അവകാശത്തിന്റെ ലക്ഷ്യം

-അഴിമതി നിയന്ത്രിക്കുക ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വ ബോധമുണ്ടാക്കുക.

-പൊതു സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്ന പക്ഷം പൗരന്മാർക്ക് ലഭ്യമാക്കുക.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## വിവരാവകാശ കമ്മീഷൻ

–വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും കേന്ദ്ര തലത്തിലും, സംസ്ഥാന തലത്തിലും രൂപീകരിച്ചിട്ടുള്ളതാണ് വിവരാവകാശ കമ്മീഷൻ.

–മുഖ്യ വിവരാവകാശ കമ്മീഷണറും പത്തിൽ കവിയാത്ത അംഗങ്ങളും വിവരാവകാശ കമ്മീഷനിലുണ്ട്.

**BIJU KK, HST GHSS TUVVUR, MALAPPURAM.2021-22**

-നാം ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യ സമയത്തിനകം മറുപടി തരാതിരിക്കുകയോ, നിരസിക്കുകയോ, അപൂർണമോ തെറ്റായതോ തൃപ്തികരമല്ലാത്തതോ ആയ മറുപടി തരുകയോ ആണെങ്കിൽ വിവരാവകാശ കമ്മീഷന് അപ്പീൽ നൽകാം.

-ഇത് ശരിയാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടാൽ വിവരങ്ങൾ നൽകുന്നതു വരെ ഓരോ ദിവസം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേൽ 250 രൂപ വീതം പിഴശിക്ഷ ചുമത്താൻ കമ്മീഷന് അധികാരമുണ്ട്.

## സേവനാവകാശനിയമം
## പരീക്ഷാഭവനിൽ  പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ

- വിവിധ പരീക്ഷകളുടെ നടത്തിപ്പ്.
- പത്താംക്ലാസ് പഠനം പൂർത്തിയാക്കിയ കുട്ടികളുടെ ജനനതീയതി തിരുത്തൽ.(6മാസം)
- എസ്.എസ്.എൽ.സി ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകളുടെ ഡ്യൂപ്ലിക്കേറ്റ്/ട്രിപ്ലിക്കേറ്റ് വിതരണം, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് നൽകൽ, യഥാസമയം കൈപ്പറ്റാത്ത സർട്ടിഫിക്കറ്റുകളുടെ തിരിച്ചു നൽകൽ. (പരമാവധി 3 മാസം)
- യോഗ്യത, തുല്യത, ആധികാരികതാ പരിശോധന സാക്ഷ്യപത്രങ്ങളുടെ വിതരണം. (30 ദിവസം)
- പരീക്ഷാഭവനിൽ നിന്നും വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളുടെ തെറ്റുതിരുത്തൽ (ഒരാഴ്ച) വിദ്യാർഥികളുടെ പ്രാദേശിക ഭാഷ പഠനം മാറ്റം (ഒന്നാം ഭാഷയിലെ പാർട്ട് 1, പാർട്ട് 2, പാർട്ട് 3) മൂന്നാം ഭാഷയിലെ മാറ്റവും.  (ഒരു മാസം)
- ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയും  പുനർമൂല്യനിർണയവും, ഫോട്ടോകോപ്പി നൽകൽ, എസ്.എസ്.എൽ.സി പരീക്ഷയിൽ പുനർമൂല്യനിർണയത്തിലൂടെ ഉയർന്ന ഗ്രേഡിനർഹരായവരുടെ പുനർമൂല്യനിർണ്ണയ ഫീ തിരിച്ചു നൽകൽ. (ഒരു മാസം)
- ഗ്രേസ്മാർക്ക് ഉൾപ്പെടുത്തി കാർഡ് നൽകൽ. (ഒരാഴ്ച)
- ഗ്രൂപ്പ് ഡിപ്ലോമ സർട്ടിഫിക്കറ്റിന്റെ വിതരണം.
- വിദ്യാർഥികളുടെ എസ്.എസ്.എൽ.സി. സ്കോർ വിവരം സ്ഥാപനമേധാവികൾക്ക് നൽകൽ (ഉപരിപഠനാർഥം സംസ്ഥാനത്തിന് പുറത്തുള്ളവർക്ക്). (ഒരു മാസം)

# സേവനാവകാശം.

-സർക്കാർ സേനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമമാണ് സേവനാവകാശ നിയമം.

-ഓരോ സർക്കാർ ഓഫീസുകളും നൽകുന്ന സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്ന് ഈ നിയമം അനുശാസിക്കുന്നു.

-അർഹതപ്പെട്ട സേവനങ്ങൾ നിശ്ചിതകാലത്തിനകം പൗരന് നൽകിയില്ലെങ്കിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പിഴ ഒടുക്കണം.

-സേവനാവകാശ നിയമപ്രകാരം എല്ലാ ഓഫീസുകളിലും അപേക്ഷകർക്ക് മാർഗനിർദേശം നൽകുന്നതിനും സഹായിക്കുന്നതിനും ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

BIJU KK, HST GHSS TUVVUR, MALAPPURAM.2021-22

## ലോക്പാൽ, ലോകായുക്ത .

-ഭരണ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള അഴിമതി തടയുന്നതിന് രൂപം നൽകിയിരിക്കുന്ന സ്ഥാപനങ്ങൾ ആണ്

-ലോക്പാൽ ദേശീയതലത്തിലും, ലോകായുക്ത സംസ്ഥാന തലത്തിലും പ്രവർത്തിക്കുന്നു.

-പൊതുപ്രവർത്തകർക്കെതിരെയും ഉദ്യോഗസ്ഥർക്ക് എതിരെയും ഉന്നയിക്കപ്പെടുന്ന അഴിമതികളിൽ കേസെടുത്ത് അന്വേഷിക്കാനും നടപടികൾ നിർദ്ദേശിക്കാനും ഈ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്.


അറിയിപ്പ്
ഈ ഓഫീസിന്റെ സേവനങ്ങൾക്ക് ഉദ്യോഗസ്ഥർ പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നെങ്കിൽ താഴെ പറയുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക.
സൂപ്രണ്ട് ഓഫ് പോലീസ്
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സതേൺ റേഞ്ച്, പൊട്ടക്കുഴി, പട്ടം പി.ഒ
തിരുവനന്തപുരം- 695 004
ഫോൺ: 0471-2550118
E-mail: spsrt.vacb@kerala.gov.in
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
TC 22/3742, 'F' Street, ഇലങ്കം ഗാർഡൻസ്,
വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ,
തിരുവനന്തപുരം - 695 010, ഫോൺ: 0471-2304119
E-mail: dysptvm.vacb@kerala.gov.in
അഴിമതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാൻ താഴെ പറയുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക
85 92 900 900
0471 230 50 33
94 47 789 100
/vigilancekerala
/vigilancekerala
/vigilancekerala
http://vigilance.kerala.gov.in
vig.vacb@kerala.gov.in
/vigilancekerala

# സെൻട്രൽ വിജിലൻസ് കമ്മീഷൻ

-അഴിമതി തടയുന്നതിന് ദേശീയ തലത്തിൽ രൂപം നൽകി.
-1964ൽ നിലവിൽ വന്നു.
-കേന്ദ്ര ഗവൺമെന്റ് ഓഫീസുകളിലെ അഴിമതി തടയുന്നതിന് വേണ്ടി രൂപം നൽകി.
-സെൻട്രൽ വിജിലൻസ് കമ്മീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷണർ ഉണ്ട്.
-എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും പ്രവർത്തിക്കുന്നുണ്ട്.
-വിജിലൻസ് കേസുകളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയാണ് കമ്മീഷന്റെ ചുമതല.

## സംസ്ഥാന വിജിലൻസ് കമ്മീഷൻ

-സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിലെ അഴിമതിയെക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കുകയാണ് സംസ്ഥാന വിജിലൻസ് കമ്മീഷന്റെ ചുമതല.

-വിജിലൻസ് കേസുകളിൽ തീർപ്പു കൽപിക്കുന്നതിന് വിജിലൻസ് കോടതികൾ നിലവിലുണ്ട്.

## ഓംബുഡ്സ്മാൻ

–പൊതുഭരണത്തിന്റെ ഭാഗമായ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ അഴിമതിയോ, സ്വജനപക്ഷപാതമോ, ധന ദുർവിനിയോഗമോ നടത്തിയാൽചുമതലകളിൽ വീഴ്ച്ചയോ നടത്തിയാൽ അതിനെതിരെ പരാതി നൽകാനുള്ള സംവിധാനമാണ് ഓംബുഡ്സ്മാൻ.

–സർവീസിൽ നിന്നു വിരമിച്ച ഹൈക്കോടതി ജഡ്ജിയെയാണ് ഓംബുഡ്സ്മാനായി നിയമിക്കുന്നത്.

–ജനങ്ങൾക്ക് നേരിട്ട് പരാതിയുമായി ഓംബുഡ്സ്മാനെ സമീപിക്കാം.

–പരാതി ലഭിച്ചാൽ ആരെയും വിളിച്ചു വരുത്തി അന്വേഷണം നടത്താനും നടപടി ശുപാർശ ചെയ്യാനും ഓംബുഡ്മാന് അധികാരമുണ്ട്.

–ബാങ്കിങ് രംഗത്ത് ഇടപാടുകാരുടെ പരാതി കേൾക്കാനും പരിഹരിക്കാനുമാണ് ഓംബുഡ്സ്മാൻ ആരംഭിച്ചത്.

# ALL THE BEST

BIJU KK

GHSS TUVVUR

MALAPPURAM - 9778300200